**സമ്മർദ്ദതന്ത്രം എന്ന നിലയിലേക്ക് ഉപവാസം പരിണമിക്കുമ്പോൾ സ്വാഭാവികമായും വിഷയത്തിന്റെ പ്രാധാന്യം കുറയുകയും ഉപവസിക്കുന്ന വ്യക്തിയുടെ ജീവൻ രക്ഷിക്കുക എന്നതിലേക്ക് പ്രശ്നങ്ങൾ ചുരുങ്ങിപ്പോകുമെന്നും കെ. സഹദേവൻ**

# മിശിഹയെ തേടുന്നവരെ സൂക്ഷിക്കുക

**ഉപവാസം** ഒരു രാഷ്ട്രീയ സമരായുധമാണ് എന്ന നിലപാടിൽ നിന്നുകൊണ്ടാണ് ചോദ്യം ഉന്നയിച്ചിരിക്കുന്നത്. ഈയൊരു വിഷയം ചർച്ചചെയ്യപ്പെടേണ്ടതാണ് എന്നാണ് എനിക്ക് തോന്നുന്നത്. സാമൂഹ്യവിഷയങ്ങളിൽ ഉപവാസം എന്ന രീതി ആദ്യമായി അവതരിപ്പിക്കുന്നത് മോഹൻദാസ് കരംചന്ദ് ഗാന്ധിയാണ്. ഒട്ടേറെ ഉപവാസങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ടെങ്കിൽപോലും ഒരു സമരായുധം എന്ന നിലയിൽ ഉപവാസത്തെ ഗാന്ധി കണ്ടിരുന്നില്ല, വിശേഷിപ്പിച്ചിരുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗാന്ധിയുടെ നിലപാട് സ്പഷ്ടമാണ്. ആത്മശുദ്ധീകരണ പ്രക്രിയയുടെ ഭാഗമെന്ന നിലയിലാണ് ഗാന്ധി ഉപവാസത്തെ സമീപിക്കുന്നത്. പൊതുവിഷയങ്ങളിൽ ഉപവാസം നടത്തിയിരുന്ന അവസരങ്ങളിൽ എതിരാളികളുടേതു മാത്രമല്ല പലപ്പോഴും സ്വന്തം സഹപ്രവർത്തകരുടെപോലും മനഃപരിവർത്തനത്തിനുള്ള ഉപാധിയെന്ന നിലയിലാണ് ഇത്തരമൊരു നീക്കം നടത്തുന്നതെന്ന് അദ്ദേഹം വ്യാക്തമാക്കുന്നുണ്ട്. ഉപവാസം ഗാന്ധിയിൽനിന്നും മറ്റ് നേതാക്കലിലേക്ക് കടക്കുമ്പോൾ അത് ഒരു സമരായുധം എന്നി നിലയിലേക്ക് മാറുന്നുണ്ടെങ്കിലും ആ രീതിയിൽ സൈദ്ധാന്തിക വിശദീകരണം നൽകാൻ അവർക്ക് കഴിഞ്ഞിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. അഥവാ എന്റെ പരിമിതമായ അറിവിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. രാഷ്ട്രീയ വിഷയങ്ങളിന്മേൽ ഉപവാസം ആകാമോ എന്ന കാര്യം ഗാന്ധിയുടെ കാലത്തുതന്നെ ഉന്നയിച്ചു പോന്നിട്ടുണ്ട്. അതിന് അദ്ദേഹം നൽകുന്ന മറുപടികൾ ഈ അവസരത്തിൽ ഒന്നുകൂടി വായിച്ചു നോക്കാൻ തയ്യാറാകേണ്ടതുണ്ട്.

സമ്മർദ്ദതന്ത്രം എന്ന നിലയിലേക്ക് ഉപവാസം പരിണമിക്കുമ്പോൾ സ്വാഭാവികമായും വിഷയത്തിന്റെ പ്രാധാന്യം കുറയുകയും ഉപവസിക്കുന്ന വ്യക്തിയുടെ ജീവൻ രക്ഷിക്കുക എന്നതിലേക്ക് പ്രശ്നങ്ങൾ ചുരുങ്ങിപ്പോകുമെന്ന അപകടം അതിലുണ്ട്. കേരളത്തിൽ മാവൂർ ഗ്വാളിയോർ റയോൺസിന്റെ വിഷയത്തിൽ എ. വാസുവും മോയിൻ ബാപ്പുവും നടത്തിയ ഐതിഹാസികമായ ഉപവാസ സമരം ഈയൊരവസരത്തിൽ ഓർമ്മിക്കേണ്ടതുണ്ട്. ഈയൊരു സമരത്തോട് ഐക്യദാർഢ്യപ്പെട്ടുകൊണ്ട് ഞങ്ങൾ ഉയർത്തിയ മുദ്രാവാക്യം 'സമരസഖാക്കളുടെ ജീവൻ രക്ഷിക്കുക' എന്നതായിരുന്നു. ഇക്കാര്യം ആനുപാധികമായി സൂചിപ്പിച്ചുവെന്നുമാത്രം.



എ. വാസു

സത്യാഗ്രഹം എന്ന സമരമാർഗ്ഗം അതിന്റെ പൂർണ്ണാർത്ഥത്തിൽ ഉപയോഗപ്പെടുത്തപ്പെട്ടിട്ടുണ്ടോ എന്നതും തർക്കവിഷമയമാണ്. സത്യാഗ്രഹത്തിന്റെ ഏറ്റവും വലിയ ആയുധ'മെന്നത് സ്വേച്ഛാപൂർവ്വമുള്ള കഷ്ടസഹനങ്ങളാണ്. അനുയായികൾ ഹിംസയുടെ പാതയിലേക്ക് തിരിഞ്ഞപ്പോൾ സത്യഗ്രഹം തന്നെ നിർത്തിവെയ്ക്കാൻ ഗാന്ധി തയ്യാറായി. ജനാധിപത്യ വിരുദ്ധമെന്ന് നമുക്ക് ആരോപിക്കാമെങ്കിലും സത്യാഗ്രഹസമരത്തിന്റെ വിശുദ്ധി നിലനിർത്താൻ ഇതാവശ്യമാണെന്ന് ഗാന്ധി തിരിച്ചറിഞ്ഞിരുന്നു, ഇന്ന് അത്തരമൊരു ധൈര്യം പ്രദർശിക്കുന്ന ഒരൊറ്റ നേതാവെങ്കിലും ഉണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. സത്യാഗ്രഹസമരം, ഉപവാസം എന്നിവയൊക്കെ സമരതന്ത്രമെന്ന നിലയിൽ ഉപയോഗപ്പെടുത്തുമ്പോഴും അതിന്റെ മൂല്യങ്ങളെക്കുറിച്ച് സത്യഗ്രഹികൾക്കിടയിൽ ചർച്ച നടത്താറുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. ഒരു പൊതുവിഷയത്തിൽ ഒരു സത്യാഗ്രഹി ഇടപെടുമ്പോൾ അയാൾ അതിൽ സ്വയം അർപ്പിക്കുകയാണ് ചെയ്യുന്നത്. ഒന്നുകിൽ പ്രസ്തുത വിഷയത്തിൻ മേലുള്ള വിജയം അല്ലെങ്കിൽ തന്റെ ജീവൻ ഇതാണ് സത്യാഗ്രഹധർമ്മം. അത്തരമൊരു സത്യാഗ്രഹസമരം സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിൽ വളരെ വിരളമായേ നടന്നിട്ടുള്ളു. ഇനിയും പ്രയോഗത്തിൽ വരുത്തേണ്ടതും സമ്പുഷ്ടമാക്കപ്പെടേണ്ടതുമായ അതിശക്തമായ ഒരു സമരായുധമാണ് സത്യഗ്രഹം എന്നാണ് എനിക്ക് തോന്നുന്നത്. സത്യഗ്രഹത്തിൽ പാർട്ട് ടൈം സ

ത്യാഗ്രഹികളില്ല എന്നതും സൂചിപ്പിക്കാനഗ്രഹിക്കുന്നു.

മാധ്യമങ്ങൾ ഇന്ന് 'പൊതുസമൂഹം' എന്ന് വിശേഷിപ്പിക്കുന്ന ഒരു സമൂഹത്തെക്കുറിച്ചും അതിന്റെ നേതൃത്വത്തെക്കുറിച്ചും അല്പം ആശങ്കകൾ സൂക്ഷിക്കുന്ന ഒരാളാണ് ഞാൻ. സ്വാഭാവികമായ രീതിയിൽ വളർന്നു വികസിച്ചുവരേണ്ട ഒരു പൊതു സമൂഹത്തിന് പതരം മാധ്യമങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന ഒന്നാണ് ഇന്ന് നാം ചർച്ച ചെയ്യുന്ന പൊതുസമൂഹം. അതുകൊണ്ടുതന്നെയാണ് ഇറോം ശർമ്മിളയുടെയോ മേധാപട്കരുടെയും ഉപവാസ സമരങ്ങൾ ഈ പറയുന്ന 'പൊതുസമൂഹ'ത്തിനോ അതിന്റെ നേതൃത്വങ്ങൾക്കോ സ്വീകാര്യമാകാതിരിക്കുന്നത്. അങ്ങേയറ്റം മതപരമായ് ആയിട്ടുള്ള ഒരു വിഭാഗം പൊതുസമൂഹത്തിന്റെ വക്താക്കളായി വരുന്നത് ജനാധിപത്യ പ്രക്രിയയിൽ വളരെയധികം അപകടങ്ങൾ സൃഷ്ടിക്കും. ഇത്തരം നേതൃത്വത്തിന്റെ കൈകളിലേക്ക് ഭരണഘടനയ്ക്ക് പുറത്തുള്ള അധികാരാവകാശങ്ങൾ കടന്നുചെല്ലുന്നതും ജനാധിപത്യത്തിന് ഭീഷണിയാകും എന്നു തന്നെയാണ് എന്റെ അഭിപ്രായം.

ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധി തന്നെയാകണം നിയമ നിർമ്മാണത്തിൽ പങ്ക് വഹിക്കേണ്ടത്. കരട് നിയമങ്ങൾ പൊതു സമൂഹത്തിന്റെ ചർച്ചയ്ക്കായി അവതരിപ്പിക്കപ്പെടേണ്ടതുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ജനങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നില്ല എന്ന അവസ്ഥയിൽ അവരെ തിരിച്ചു വിളിക്കാനുള്ള അധികാരം ഉണ്ടാകുക എന്നതാണ് കരണീയം; മറിച്ച് നിയതമായ സ്വരൂപമൊന്നുമില്ലാത്ത 'പൊതുസമൂഹവും അതിന്റെ നേതൃത്വമെന്ന് അവകാശപ്പെടുന്നവരും നിയമനിർമ്മാണത്തിലേക്ക് കൈകടത്തുന്നത് ഭാവിയിൽ വളരെയധികം ഭീഷണികൾ ഉയർത്തും. നിലവിലുള്ള ജനലോക്പാൽ ബില്ലിന്റെ പരിമിതി തിരിച്ചറിയേണ്ടതുണ്ട്. വ്യക്തിപരമായ അഴിമതികൾക്ക് തടയിടാൻ അതുകൊണ്ട് സാധിക്കുമെങ്കിൽ പോലും കോർപ്പറേറ്റ് അഴിമതിക്കെതിരം ഒരു ചെറുവിരൽ അനക്കാൻ പോലും അതിന് സാധ്യമല്ല. കാരണം, അത്തരം അഴിമതികളുടെ വേരുകൾ നയപരമായ തീരുമാനങ്ങളിലാണ് എന്നതിനാലാണ്. ബാബാ രാംദേവിന്റെ നേതൃത്വത്തിൽ നടക്കുന്ന സമരം കോർപ്പറേറ്റ് അഴിമതികൾക്കെതിരെയല്ല എന്ന കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെയാണ് മാധ്യമങ്ങൾ രാംദേവിനും അദ്ദേഹത്തിന്റെ ഉപവാസത്തിനും പിന്തുണ നൽകുന്നത്. രാംദേവിന്റെ പിന്നിൽ അണിനിരന്ന മുഴുവൻ ആളുകളും ഇത്തരത്തിലാണ് എന്നല്ല വിവക്ഷ. രാജ്യത്തിന്റെ അപകടകരമായ പോക്കിൽ അസംതൃപ്തരായ ഒരു മിശിഹയെ അന്വേഷിക്കുന്ന ഒരു വിഭാഗവും അദ്ദേഹത്തോടൊപ്പമുണ്ട് എന്നതും വസ്തുയാണ്.

വളരെയധികം സങ്കീർണ്ണത നിറഞ്ഞ ഒന്നാണ് അവസാനത്തെ ചോദ്യം. വ്യക്തികളുടെ സ്വഭാവരൂപീകരണത്തിന് ഉത്തരവാദിയാകുന്നത് സാമൂഹ്യ പശ്ചാത്തലമാണ് എന്നുതപോലെ വ്യക്തികൾ ചേർന്നു തന്നെയാണ് സമൂഹവും രൂപപ്പെടുന്നത്. സ്വന്തം ജീവിതശൈലികൾ സമൂഹത്തിൽ പ്രതിഫലനമുണ്ടാക്കും എന്ന കാര്യത്തിൽ തർക്കമില്ല. അതേസമയം സാമൂഹ്യ പ്രതിരോധത്തിന് വളരെ കൃത്യമായ സ്ഥാനം ഇതിലുണ്ട്. പഞ്ചായത്ത് ഓഫീസുകളിലെ അഴിമതിക്ക് തടയിടുക വ്യക്തിനിഷ്ഠമായ കാര്യമാണെങ്കിൽ തന്നെയും നേരത്തെ പറഞ്ഞ കോർപ്പറേറ്റ് അഴിമതികൾ സാമൂഹ്യ പ്രതിരോധത്തിലൂടെ മാത്രമേ തടയിടാൻ സാധിക്കൂ. അതുകൊണ്ടുതന്നെ ഇവ രണ്ടും തുല്യ പ്രാധാന്യമർഹിക്കുന്നുണ്ട്.

**ജനാധിപത്യപ്രക്രിയയുടെ അപചയം സമരാഭാസങ്ങൾക്ക് വഴിയൊരുക്കുന്നുവെന്ന് ഈസാബിൻ അബ്ദുൾ കരീം**

# ത്യാഗശൂന്യമായ ആത്മീയ പ്രകടനം

**1.** സത്യാഗ്രഹിയുടെ ഏറ്റവും മൂർച്ചയുള്ള ആയുധമാണ് ഉപവാസം. അത് വെറും അന്നപാനം വെടിയുന്ന അപഹാസ്യതയല്ല. മീഡിയകൾ പൊലിപ്പിക്കുന്ന സമീപകാല ഉപവാസങ്ങളിൽ സത്യാഗ്രഹിയുടെ ആത്മാർപ്പണവും മരണഭയമുക്തിയും കാണാനാവുന്നില്ല.

**2.** ഉണ്ട്

**3.** മേധാപട്കർ തന്റെ ജീവിതം സത്യാഗ്രഹമാക്കിയ മഹതിയാണ്. സത്യാഗ്രഹത്തിന്റെ ആത്മാംശം ഉൾക്കൊണ്ട് ജീവഭയം വെടിഞ്ഞവരുമാണ്. അതുകൊണ്ട് ആ ഉപവാസം സത്യാഗ്രഹമായിരുന്നു. രാംലീലയിലെ ഉപവാസം ത്യാഗശൂന്യമായ ആത്മീയതുടെ പ്രകടനമായിരുന്നു. അതുകൊണ്ട് തന്നെ സത്യാഗ്രഹവുമായി അത് ബന്ധപ്പെടുത്തുന്നത് ഹിംസയാണ്.

**4.** മീഡിയകൾ സ്വദേശാഭിമാനി ചൂണ്ടിക്കാട്ടിയ ആത്മാഭിമാനം, ആത്മജ്ഞാനം, ആത്മനിയന്ത്രണം എന്നിവ നഷ്ടപ്പെട്ടവരുടെ കൈകളിലേക്ക് മുതലക്കൂപ്പ് നടത്തുന്ന കാലമായതിനാലാണത്.

**5.** തീർച്ചയായും മേധപട്കറെ.

**6.** ജനാധിപത്യപ്രക്രിയയുടെ അപചയവുമായി പരസ്പരപൂരകമായിരിക്കുന്നു ഇത്തരം സമരാഭാസങ്ങൾ.

**7.** സിവിൽസമൂഹത്തിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തിയത് തന്നെ ജനാധിപത്യപ്രക്രിയയോടുള്ള അവിശ്വാസത്തെ അംഗീകരിക്കലാണ്. പരാജയപ്പെട്ട സംവിധാനത്തിൽ പങ്കുപറ്റിയാൽ മാറ്റത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ കഴിയണമെന്നില്ല.

**8.** സംവിധാനങ്ങളുടെ തകരാറുകൾ പരിഹരിക്കപ്പെടാതെ അഴിമതിയുടെ ഉന്മൂലനം സാധ്യമല്ല.

**9.** വ്യക്തികൾ ആത്യന്തികമായി സ്വാർത്ഥത ഉൾക്കൊള്ളുന്നവരാണ്. അടിയുറച്ച സത്യാഗ്രഹികളെ സൃഷ്ടിക്കുന്ന ആശയസമ്പന്നത രാഷ്ട്രീയ സംഘങ്ങളിലും ജനാധിപത്യ സംവിധാനങ്ങളിലും ഉണ്ടായാൽ മാത്രമേ അഴിമതി മുളപൊട്ടാതിരിക്കുകയുള്ളൂ.

*(ഗാന്ധിയൻ പ്രവർത്തകൻ, വില്ലേജ് ഓഫീസർ)*